പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2948 02.04.2013 -ൽ മറുപടിക്ക്

## ബസ്സ് ഷെൽട്ടർ നിർമ്മിക്കുവാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. വി.റ്റി. ബൽറാം :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. ആർ. സെൽവരാജ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാപകമായി ബസ്സ് ഷെൽട്ടർ നിർമ്മിക്കുവാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദാംശം നല്കുമോ ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (എ), (ബി),<br>സംസ്ഥാനത്തെ പ്രധാന സ്ഥലങ്ങളിൽ ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ഓരോ സ്ഥലത്തിനും അനുയോജ്യമായ രീതിയിൽ യാത്രക്കാർക്ക് സൗകര്യപ്രദവും സുരക്ഷിതവുമായി ബസ് കാത്തിരിക്കുന്നതിന് ശാസ്ത്രീയമായി രൂപ കൽപ്പന ചെയ്ത ബസ് ഷെൽട്ടറുകൾ നിർമ്മിക്കുക, അതിന്റെ സംരക്ഷണവും പരിപാലനവും നടത്തുക, പദ്ധതിയിൽ നിന്നും വരുമാനം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നടപ്പാക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. ഇതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് അനുമതി നല്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; | (സി) പദ്ധതിയുമായി സഹകരിക്കുന്ന ഏജൻസികൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) ബസ് ഷെൽട്ടറുകൾ നിർമ്മിച്ച് പരിപാലിക്കുന്നതിന് "പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്" എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

ഹ